# നീര ഉൽപാദനവും വിതരണവും കേരഫെഡ് ഏറ്റെടുക്കും

കോഴിക്കോട് ● സംസ്ഥാനത്തെ നാളികേര കർഷകരുടെ ചിരകാല അഭിലാഷമായ നീര ഉൽപാദനവും വിതരണവും ഏറ്റെടുക്കുവാൻ കേരഫെഡിന്റെ വാർഷിക പൊതുയോഗം തീരുമാനിച്ചു.

ഉയരം കുറഞ്ഞ തെങ്ങിൻ തൈകളും ഇളനീരിനുള്ള പ്രത്യേക തെങ്ങിൻ തൈകളും വ്യാപകമായി കൃഷി ചെയ്യുന്നതിന് നാളികേര വികസന ബോർഡുമായി സഹകരിച്ച് പദ്ധതി ആവിഷ്ക്കരിച്ച് നീരയും തെങ്ങിൻ ചക്കരയുണ്ടാക്കാനും അതു സംഭരിക്കാനുമാണ് കേരഫെഡ് ലക്ഷ്യമിടുന്നത്. ഇതിനുതകുന്ന തൊഴിൽ ശക്തിയെ രൂപപ്പെടുത്താനും വിവാദങ്ങളില്ലാതെ നടപ്പാക്കാനും എല്ലാ കർഷക സംഘടനകളും തൊഴിലാളി സംഘടനകളും ഐക്യത്തോടെ മുന്നോട്ടു വരണമെന്ന് കേരഫെഡ് ചെയർമാൻ മനയത്ത് ചന്ദ്രൻ അഭ്യർഥിച്ചു.

ഈ വർഷം കേരഫെഡ് 100 കോടി രൂപയുടെ പച്ചത്തേങ്ങ സംഭരിക്കും. പച്ചത്തേങ്ങ കൊപ്രയാക്കുന്നതിന് പുതുതായി ഏഴ് സോളാർ ഡ്രയറുകളും ഏഴ് ഇലക്ട്രിക് ഡ്രയറുകളും സ്ഥാപിക്കുവാനുമുള്ള പ്രവർത്തനം മേയ് 15 ന് പൂർത്തിയാക്കും.

നടുവണ്ണൂരിലും കരുനാഗപ്പള്ളിയിലും 50 മെട്രിക് ടൺ വെളിച്ചെണ്ണ ഉൽപാദിപ്പിക്കുന്ന ആധുനിക എക്സ്പല്ലറുകൾ സ്ഥാപിക്കും. മൂല്യവർധിത ഉൽപന്നങ്ങളായ ഡസിക്കേറ്റഡ് കോക്കനട്ട്, തേങ്ങാപ്പാൽ, ക്രീം എന്നിവയുടെ വിൽപനയുടെയും വിതരണത്തിന്റെയും ഉദ്ഘാടനം അടുത്തമാസം നടക്കും.

479 കോടി രൂപയുടെ അടങ്കലും ഒൻപത് കോടി രൂപ ലാഭവും പ്രതീക്ഷിക്കുന്ന ബജറ്റ് യോഗം അംഗീകരിച്ചു. ചെയർമാൻ മനയത്ത് ചന്ദ്രൻ ആധ്യക്ഷ്യം വഹിച്ചു. അഡ്വ. എം.സി. ബിനുകുമാർ, സോളമൻ അലക്സ്, വി.കെ. കുഞ്ഞിരാമൻ, കെ.വി. ഗോവിന്ദൻ, ഇ. ഗോവിന്ദൻ, ഇ. രമേശ് ബാബു, പി. വിജയലക്ഷ്മി, കെ. കുഞ്ഞിരാമൻ എംഎൽഎ, എം.ഡി അശോക് കുമാർ തെക്കൻ എന്നിവർ പ്രസംഗിച്ചു.